"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — പോത്തുകൽ ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 - തടസ്സപ്പെടുത്തിയ തുകക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt) No.2094/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 15.07.2022 ലെ പി എ എൻ/7791/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31.01.2024 ലെ ഡി.കെ.എസ്.എ 3355/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ **2015-2016** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-5** പ്രകാരം, ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പരിപാടി പദ്ധതിയിൽ (നം. **42/15-16)** ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കു വിതരണം ചെയ്യാനുള്ള പാഠപുസ്തകം തയ്യാറാക്കലും അച്ചടിയും, മററ് പഠനസാമഗ്രികൾ തയ്യാറാക്കൽ തുടങ്ങിയ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്നതും എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി നടപിലാക്കേണ്ടതുമായ പ്രവർത്തനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായും നടപ്പിലാക്കിയതിനാൽ ഈയിനത്തിൽ ചെലവാക്കിയ **1,17,824/-** രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നു.

**2.** പാഠപുസ്തകങ്ങൾ അച്ചടിച്ച് കിട്ടാൻ വൈകുന്നതുകൊണ്ട്, കുട്ടികളുടെ പഠനം നഷ്ടമാകാതിരിക്കാൻ **2, 3** ക്ലാസുകളിലേക്ക് പ്രവർത്തന പുസ്തകവും **LSS/USS** സ്കോളർഷിപ്പ് പരിശീലനവും, പദ്ധതിയിൽ വിഭാവനം ചെയ്തപോലെയാണ് നടപ്പാക്കിയതെന്നും സമഗ്രശിക്ഷാ കേരളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും, എന്നാൽ വിവിധങ്ങളായ ഇടപെടലുകൾ കാരണം സമഗ്ര ശിക്ഷയ്ക്ക് യഥാസമയം കുട്ടികളുടെ പഠനത്തിനാവശ്യമായ മുഴുവൻ പഠന സാമഗ്രികളും നൽകാൻ കഴിയാറില്ല എന്നും ഡയറ്റുകൾ പോലുള്ള ഏജൻസികളുടെ വായനാകാർഡുകൾ ഉൾപ്പടെയുള്ള സാമഗ്രികളാണ് ഇക്കാര്യത്തിൽ സഹായമാകുന്നതെന്നും ആയതിനാൽ ഇത് സമഗ്രശിക്ഷയുടെ ആവർത്തനമല്ല എന്നും മറിച്ച് സമഗ്രശിക്ഷയുടെ പ്രവർത്തനങ്ങൾക്ക്

പൂരകമാവുന്നേ ഉള്ളൂ എന്നും സമഗ്ര ശിക്ഷാ മലപ്പുറത്തിന്റെ ജില്ലാ പ്രൊജക്ട് ഓഫീസർ അറിയിച്ചിട്ടുള്ളതായി റൂറൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ **1,17,824/-** രൂപയിൽ **41,210/-** മാത്രമാണ് വർക്ക് ഷീറ്റ് പ്രിന്റിംഗിനായി ഉപയോഗിച്ചിട്ടുള്ളത് എന്നും ബാക്കി **7664/-** രൂപ വിദ്യാഭ്യാസ മേഖലയിലാണ് ചെലവഴിച്ചത് എന്നും രേഖകൾ പരിശോധിച്ചതിൽ **2015-16** വിദ്യാഭ്യാസ വർഷത്തിൽ പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല എന്നും എസ്.എസ്.എ പ്രൊജക്ടിൽ വർക്ക് ഷീറ്റ് നിർമ്മാണം ഉൾപ്പെടുത്തിയിരുന്നില്ല എന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും കുട്ടികളുടെ പഠനനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അനിവാര്യമായ സാഹചര്യത്തിൽ നടപ്പിലാക്കിയ ഈ പ്രൊജക്ട് മൂലം പാഴ് ചെലവോ ദുർവിനിയോഗമോ ഉണ്ടായിട്ടില്ലെന്നു പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും തടസ്സപ്പെടുത്തിയിട്ടുള്ള **1,17,824/-** രൂപയ്ക്ക് സർക്കാർ സാധുകരണം നൽകുന്നതിന് മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**3.** കുട്ടികളുടെ ഭാവിയും പഠനനിലവാരവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി മുലം ഗ്രാമപഞ്ചായത്തിന് ധനദുർവിനിയോഗമോ പാഴ്ചെലവോ സംഭവിച്ചിട്ടിലെന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതിന്റെയും പദ്ധതി പ്രകാരമുള്ള പ്രവർത്തനം സമഗ്രശിക്ഷയുടെ ആവർത്തനമല്ലെന്ന് സമഗ്രശിക്ഷാ മലപ്പുറം ജില്ലാ പ്രോജക്ട് ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ **2015-2016** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-5** ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം **(2)** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-5** പ്രകാരം തടസ്സപ്പെടുത്തിയ **1,17,824/- രൂപയുടെ ( ഒരു ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി ഇരുപത്തി നാല് രൂപ മാത്രം )** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പോത്തുകൽ ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/128/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-08-2025 15:36:59

സെക്ഷൻ ഓഫീസർ